# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3034**      **13.03.2018**-ൽ മറുപടിയ്ക്ക്.

## വന സംരക്ഷണ സമിതിയും അക്രെഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റും

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ സ്ത്രീകളുടെ ഉന്നമനത്തിനായിട്ടുള്ള അമ്മവീട് പദ്ധതി, ഷീ ടോയ് ലറ്റ് പദ്ധതി എന്നിവ നടപ്പാക്കുന്നതിനായുള്ള അക്രെഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ നിന്നും വന സംരക്ഷണ സമിതിയെ (വി.എസ്.എസ്) ഒഴിവാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പദ്ധതികൾ വനപ്രദേശങ്ങളിൽ നടപ്പാക്കുമ്പോൾ വന സംരക്ഷണ സമിതിയെക്കൂടി (വി.എസ്.എസ്) ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | 06.02.2018 തീയതിയിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിഷയം ചർച്ച ചെയ്യുകയും ഖണ്ഡിക 4.63 ലെ തീരുമാന പ്രകാരം വനമേഖലയിൽ അമ്മവീട്, ഷീ-ടോയ് ലറ്റ് എന്നീ പ്രോജക്ട് നടപ്പാക്കാനുള്ള അക്രഡിറ്റഡ് ഏജൻസിയായി വനം സംരക്ഷണ സമിതിയെക്കൂടി നിശ്ചയിക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, കോഡിനേഷൻ കമ്മറ്റിയ്ക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ